328

A1

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് - 2019-20 – കേരള സ്റ്റേറ്റ് ബുക്ക് മാർക്കിനെ കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.66/2020/സാനീവ** **തീയതി, തിരുവനന്തപുരം, 06/02/2020**

---

പരാമർശം: 1. സ.ഉ(സാധാ) നം. 608/2014/സാനീവ തീയതി 01.10.2014.

2. സ.ഉ(സാധാ) നം. 465/2019/സാനീവ തീയതി 28.07.2019.

3. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറിയുടെ 19.11.2019 ലെ കത്ത്.

4. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 18.12.2019 ലെ ഐ.സി.ഡി.എസ്/എ 1 / 22959/19 നമ്പർ കത്ത്.

**ഉത്തരവ്**

അംഗനവാടികൾക്കാവശ്യമായ പ്രീസ്കൂൾ കിറ്റുകൾ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് നൽകുകയുണ്ടായി.

(2) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 32986 അങ്കണവാടികൾക്കും, 129 മിനി അങ്കണവാടികൾക്കും 2019-20 സാമ്പത്തിക വർഷം പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ്/ECCE (including Training) വാങ്ങുന്നതിന് ആകെ 16,55,75,000/-രൂപ (പതിനാറ് കോടി അൻപത്തിയഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകമായ 2235-02-102-47 (പ്ലാൻ)34-OC ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും, ആയത് ബ്ലോക്ക് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസർ മുഖേന ടെൻഡർ നടപടികൾ പാലിച്ച് വാങ്ങുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(2) 2019-20 സാമ്പത്തിക വർഷം അങ്കണവാടികളിൽ പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ബുക്ക്മാർക്കിനെ നോഡൽ ഏജൻസിയാക്കണമെന്ന് കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ബ്ലോക്കുകൾക്കു ടെൻഡർ മുഖേന പ്രീസ്കൂൾ കിറ്റ് വാങ്ങാൻ പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പല ബ്ലോക്കുകളിലും ടെൻഡർ നടപടികൾ ഇതിനോടകം ആരംഭിച്ചതായി പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ICDS A

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പല ബ്ലോക്കുകളിലും ടെൻഡർ നടപടികൾ ഇതിനോടകം ആരംഭിച്ച സാഹചര്യത്തിൽ ബ്ലോക്ക് തലത്തിൽ ആവശ്യമെങ്കിൽ ടെൻഡർ ഇല്ലാതെ പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിനെയും കൂടി പരിഗണിയ്ക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥയോടെ അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗുണമേന്മ ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കിയ ശേഷം ശുപാർശ നൽകുന്നത് അനുസരിച്ച് മാത്രം കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് സപ്ലൈ ചെയ്ത സാധനങ്ങളുടെ വില നൽകാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം ICDS A1/22959/19
തീയതി: 18.3.2020.

നടപടികളിൽ ടെണ്ടർ ഇല്ലാതെ പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിനെയും പരിഗണിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് തുടർനടപടിക്കായി നൽകുന്നു.

for വനിത ശിശു വികസന ഡയറക്ടർ